ഇപ്പോൾ സൂപ്പർഫൈൻ അരിയെന്ന പേരിലാണ് ആളുകളുടെ തലയ്ക്ക് അടിച്ചേൽപ്പിക്കുന്നത്.

ശ്രീ. യു. എ. ബീരാൻ: അത് തരംതിരിക്കുന്നത് എഫ്. സി. ഐ. ആണ്. അവരാണ് അരി പ്രൊക്യൂവർ ചെയ്യുന്നതും അവരാണ് തരം തിരിക്കുന്നതും.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: ഒരു ലക്ഷത്തി 44 ആയിരം ടൺ അരിയെങ്കിലും സ്റ്റോക്കുണ്ടെന്നേ പറഞ്ഞു. കഴിഞ്ഞ ഓണം, ബക്രീദ് വിശേഷ ദിവസങ്ങളുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത സ്പെഷ്യൽ റേഷൻ അടക്കമുള്ള 15 കിലോ അരി യാതൊരു കാരണവശാലും ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായി. അതിനെ സംബന്ധിച്ച് എന്റെ നിയോജകമണ്ഡലത്തിൽ ഉള്ള പല പ്രദേശങ്ങളിൽ നിന്നും പരാതി കിട്ടിയിട്ടുണ്ട്. അങ്ങനെയുള്ള പരാതി കിട്ടിയാൽ അതിനെപ്പറ്റി അന്വേഷിക്കാൻ മന്ത്രി തയ്യാറാകുമോ?

ശ്രീ. യു. എ. ബീരാൻ: ഓണക്കാലത്ത് ഇഷ്യൂ ചെയ്തിട്ടുള്ള സ്പെഷ്യൽ റൈസ് നല്ലതാണ്. മിക്ക സ്ഥലങ്ങളിലും നല്ല അരിയാണ് കിട്ടിയത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചില സ്ഥലങ്ങളിൽ എഫ്. സി. ഐ. അയച്ച് തന്നിട്ടുള്ള പഞ്ചാബ് പച്ചരി—പഞ്ചാബ് റോ റൈസ്—കുറച്ച് മോശമാണ്, ബാക്കിയെല്ലാംതന്നെ നല്ല അരിയാണ്.

ശ്രീ. സി. കെ. തങ്കപ്പൻ: അരിയുടെ വിലയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ റേഷൻകടകളിൽ കൂടി കാർഡുടമകൾക്ക് കൊടുക്കുന്ന അരിയിൽ ഓരോ കാർഡിലും 300-ഉം 250-ഉം ഗ്രാം കുറവാണ് എന്ന് പരാതി വന്നപ്പോൾ അന്വേഷിച്ചു. അപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്, അരി കടത്തിക്കൊണ്ടുവരുന്നതിനുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ്ജിലുള്ള അപാകതയാണെന്നാണ്. ഏതായാലും കാർഡ് ഉടമകൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും അരി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ: കൃത്യമായിട്ടുള്ള അളവിലും തൂക്കത്തിലും കൊടുക്കണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

നെൽക്കൃഷിക്കാർക്ക് നൽകിവരുന്ന സബ്സിഡികൾ

*4 [202] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
,, സി. വാസുദേവമേനോൻ:
ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷിക്കാർക്ക് ഇപ്പോൾ നൽകിവരുന്നത് എന്തെല്ലാം സബ്സിഡികളാണ്;

(ബി) ഹെക്ടർ ഒന്നിന് എന്തു തുകവീതം;

(സി) പണമായി നൽകുന്ന സബ്സിഡി ഹെക്ടർ ഒന്നിന് എത്ര രൂപ വീതം;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സബ്സിഡികൊടുക്കുമ്പോഴും കർഷകന് യഥാസമയം ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) വളം സബ്സിഡി ഇപ്പോഴും നൽകുന്നുണ്ടോ;

(ജി) ഇല്ലെങ്കിൽ വളം സബ്സിഡി എല്ലാക്കൊല്ലവും നൽകുവാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) നെൽക്കൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡി നൽകുവാൻ ഓരോ വർഷവും എത്ര രൂപ വേണ്ടിവരും;

(ഐ) ഈ വർഷത്തെ ബഡ്ജറ്റിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ജെ) ഏതുവർഷം വരെയുള്ള പമ്പിംഗ് സബ്സിഡി കർഷകർക്ക് നൽകി;

(കെ) കുടിശ്ശിക നൽകുവാൻ എന്തു തുക വേണ്ടിവരും;

(എൽ) കുടിശ്ശിക തുക എന്നു നൽകുവാൻ കഴിയും;

(എം) എത്രയും വേഗം ഇത് കൊടുത്തു തീർക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(എൻ) അടുത്ത വർഷം മുതൽ ആവശ്യമായ തുക നീക്കിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ, ബി.) 1. അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് കിലോ ഗ്രാമിന് 1 രൂപ 50 പൈസ എന്ന സൗജന്യ നിരക്കിൽ വിതരണം നടത്തുന്നു. ഒരു ഹെക്ടറിന് 132 രൂപയുടെ സൗജന്യം ഈ ഇനത്തിൽ കൃഷിക്കാരന് ലഭിക്കും.

2. ഒരു ഹെക്ടർ പൊതു ഞാറടിക്ക് 1500 രൂപ ധനസഹായം നൽകുന്നു.

3. കൃഷിനാശം സംഭവിക്കുമ്പോൾ വീണ്ടും കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 300 രൂപ വരെ വിലയ്ക്കുള്ള വിത്ത് അനുവദിക്കുന്നു. അതിനു പുറമേ രാസവളത്തിന്റെ വിലയുടെ 25 ശതമാനം (ഉദ്ദേശം 168 രൂപ) സബ്സിഡി നൽകുന്നുണ്ട്.

4. കുറഞ്ഞ തോതിൽ 5 ശതമാനം പലിശക്ക് ഹ്രസ്വകാല വായ്പ നൽകുന്നു. കൂടാതെ നിബന്ധനകൾക്ക് വിധേയമായി പലിശ ഇളവും കൊടുക്കുന്നുണ്ട്. നാടൻ ഇനങ്ങൾക്ക് ഹെക്ടറൊന്നിന് 500 രൂപ ക്രമത്തിലും അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾക്ക് 1000 രൂപ ക്രമത്തിലുമാണ് ഹ്രസ്വകാല വായ്പ കൃഷിവകുപ്പ് വഴി വിതരണം ചെയ്യുന്നത്.

5. വൻതോതിൽ കീടബാധയോ രോഗമോ ഉണ്ടായാൽ പ്രത്യേക ധനസഹായം നൽകുന്നു. മുഞ്ഞബാധയ്ക്ക് ഹെക്ടറിന് പരമാവധി 45 രൂപ സബ്സിഡി എന്നതിനു വിധേയമായി പകുതി വിലയ്ക്ക് കീടനാശിനികളും 15 രൂപ നിരക്കിൽ മരുന്ന് തളിക്കുന്നതിനുള്ള കൂലി ചെലവും നൽകുന്നു. മുഞ്ഞബാധയല്ലാതെ വൻതോതിൽ പ്രാണിശല്യമോ രോഗമോ ഉണ്ടായാൽ പകുതി വിലയ്ക്ക് കീടനാശിനികളും നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. കുട്ടനാട്ടിലെയും, കോൾ നിലങ്ങളിലെയും 5 ഹെക്ടറിന് താഴെയുള്ള കൃഷിക്കാർക്ക് രാസവളത്തിന് 25 ശതമാനം സബ്സിഡി നൽകുന്നു.

7. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ചെറുകിട കൃഷിക്കാർക്ക് പ്രീമിയം സബ്സിഡി നൽകുന്നു.

8. കോൾ പടവിലും കുട്ടനാടൻ പുഞ്ചയിലും പമ്പിംഗിനുള്ള സബ്സിഡി നൽകുന്നുണ്ട്.

(സി) കോൾനിലങ്ങൾക്ക് പമ്പിംഗ് സബ്സിഡി ഹെക്ടറൊന്നിന് 125 രൂപ ഒന്നാം വിളയ്ക്കും അതിന്റെ 25 ശതമാനം കൂടുതലായി രണ്ടാം വിളയ്ക്കും നൽകുന്നു. കുട്ടനാട്ടിൽ ഒന്നാം വിളയ്ക്ക് മൂന്ന് വർഷത്തെ ആസ്തിയുടെ ശരാശരി തുകയോ അതാതു വർഷത്തെ ലേല തുകയോ ഏതാണ് കുറവെന്ന് വച്ചാൽ ആ തുക ലഭിക്കും. രണ്ടാം വിളയ്ക്ക് അതിന്റെ 25 ശതമാനം കൂടുതലും നൽകുന്നു.

(ഡി) ഉണ്ട്.

(ഇ) നടപടി എടുത്തുവരികയാണ്.

(എഫ്) 85-86-ലും വളം സബ്സിഡി നൽകാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ജി) വളം സബ്സിഡി സംബന്ധിച്ച സർക്കാർ ഉത്തരവ് അതത് വർഷങ്ങളിലാണ് പുറപ്പെടുവിക്കുന്നത്.

(എച്ച്) ഏകദേശം 210 ലക്ഷം രൂപ കുട്ടനാട്ടിൽ നിലങ്ങൾക്കും ഏകദേശം 40 ലക്ഷം രൂപ കോൾനിലങ്ങൾക്കും ഓരോ വർഷവും വേണ്ടിവരും.

(ഐ) ഒരു കോടി നാൽപ്പത്തൊന്ന് ലക്ഷം രൂപ.

(ജെ) തൃശൂർ പൊന്നാനി കോൾകർഷകർക്ക് 82-83-ലെ സബ്സിഡി മുഴുവനും 83-84-ലെ സബ്സിഡി ഭാഗികമായും നൽകിയിട്ടുണ്ട്. ആലപ്പുഴ പുഞ്ച കർഷകർക്ക് 83-84-ലെ (1159-ലെ രണ്ടാം വിള) സബ്സിഡി മുഴുവനും കൊടുത്തു തീർത്തിട്ടുണ്ട്.

(കെ) തൃശ്ശൂർ-പൊന്നാനി കോൾ കർഷകർക്ക് കുടിശ്ശികയിനത്തിൽ 54 ലക്ഷവും ആലപ്പുഴ പുഞ്ച കർഷകർക്ക് 1985 ഏപ്രിലിൽ കൊടുക്കാൻ ബാദ്ധ്യതപ്പെട്ട 110 ലക്ഷം രൂപയും വേണ്ടിവരും.

(എൽ) കഴിയുന്നത്രയും വേഗം നൽകുന്നതിനുള്ള നടപടികളെടുത്തു വരികയാണ്.

(എം) ഈ ആവശ്യത്തിനുള്ള ബഡ്ജറ്റ് തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണെടുത്തുവരുന്നത്.

(എൻ) പരിഗണിക്കാം.

ശ്രീ. സി. വാസുദേവമേനോൻ: സർ, നെൽകൃഷിക്കുള്ള ഇത്രയധികം ആനുകൂല്യങ്ങൾ വായിച്ചതിൽ പമ്പിംഗ് സബ്സിഡി ഒഴിച്ച് മറ്റ് ആനുകൂല്യങ്ങൾ 84-85 വർഷത്തിൽ എത്രയായിരുന്നു? 85-86-ൽ കൊടുക്കാൻ പോകുന്നതെത്രയാണ്? ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്: ഇതിന് പ്രത്യേക നോട്ടീസ് തരണം.

ശ്രീ. സി. വാസുദേവമേനോൻ: പാലക്കാട് ഒരു നെൽകൃഷി പ്രദേശമാണെന്നാണ് ഞാൻ ചെറുപ്പം മുതലേ മനസ്സിലാക്കിയിട്ടുള്ളത്. എന്നാൽ നെൽകൃഷിക്ക് കൊടുക്കുന്ന യാതൊരു ആനുകൂല്യങ്ങളും പാലക്കാട് പ്രദേശങ്ങളിൽ കൊടുക്കുന്നില്ല എന്നുള്ള വസ്തുത ഗവൺമെൻറിന് അറിയാമോ? നേരത്തെ പ്രതിപക്ഷനേതാവ് തെങ്ങ് രോഗം ബാധിച്ചതിന് കൊടുക്കുന്ന നഷ്ട പരിഹാരത്തെപ്പറ്റി പോദിച്ചു. ഇതിലും ഒരു നയാപൈസപോലും ഇവിടെ കൊടുത്തിട്ടില്ല. ഇത് ഗവൺമെൻറിന്റെ നയമാണോ? പാലക്കാട് ജില്ലയ്ക്ക് ഇതൊന്നും ബാധകമല്ലെന്നുണ്ടോ? യാതൊരു ആനുകൂല്യവും അവിടത്തെ നെൽകൃഷിക്കാർക്ക് കൊടുക്കുകയില്ല എന്ന് സർക്കാർ നയമുണ്ടോ? അങ്ങനെയൊരു നയമില്ലെങ്കിൽ ഇത്തരം ആനുകൂല്യങ്ങളും അവിടത്തെ കൃഷിക്കാർക്ക്, പ്രത്യേകിച്ചും മുഞ്ഞ ബാധിച്ചുകൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ കൊടുക്കാനുള്ള ഏർപ്പാടിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ആലോചിക്കാം.

ഡോ. കെ. സി. ജോസഫ്: വളം സബ്സിഡി ഓരോ വർഷവും കൊടുക്കുന്നതിന് പ്രത്യേകം പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കാറുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അങ്ങനെ ഓരോ വർഷവും പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടി വരുന്നതുമൂലം അതാത് വർഷങ്ങളിൽ ഇത് കൊടുക്കുവാൻ കഴിയുന്നില്ല. എന്നുള്ള വസ്തുത പരിഗണിച്ചുകൊണ്ട് അത് തുടർന്ന് കൊടുക്കുവാൻ വേണ്ടി പ്രത്യേക ഉത്തരവുകളും ഇല്ലാതെ തന്നെ എല്ലാ വർഷവും ഇത് ലഭ്യമാക്കുവാൻവേണ്ടി ബഡ്ജറ്റിൽ ഒരു തുക ഇതിനുവേണ്ടി നീക്കിവയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: പരിഗണിക്കാം.

ഡോ. കെ. സി. ജോസഫ്: ഈ ഗവൺമെൻറ് പ്രഖ്യാപിച്ച പല ആനുകൂല്യങ്ങളും കർഷകർക്ക് കൈയ്യിൽ കിട്ടുന്നില്ല എന്ന് പരാതിയുണ്ട്. അതുകൊണ്ട് വിവിധതരത്തിലുള്ള ചെറിയ ചെറിയ സബ്സിഡികളെ ഏകോപിപ്പിച്ചുകൊണ്ട് ഇടത്തട്ടിൽ ചോർന്നുപോകാതെ അവരുടെ കൈയ്യിൽ എത്തുന്നതിനുവേണ്ടി വിജിലൻസിനെ ചുമതലപ്പെടുത്തുന്നതിന്, ഏർപ്പെടുത്തുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ? 84-85-ൽ പമ്പിംഗ് സബ്സിഡിക്ക് അനുവദിച്ച തുക കർഷകർക്ക് ഇതുവരെ കിട്ടിയിട്ടില്ല ഈ വർഷത്തെ ബഡ്ജറ്റ് അലോട്ട്മെൻറ് ഉപയോഗിച്ച് പഴയ കടങ്ങൾ വീട്ടുവാൻ മാത്രമേ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ വർഷം മുതൽ തന്നെ പമ്പിംഗ് സബ്സിഡി കുടിശ്ശിക തുടുവൻ കൊടുത്ത് കർഷകരെ സഹായിക്കാൻ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഫിനാൻസ് മിനിസ്റ്ററുമായി ആലോചിച്ചു വേണ്ടത് ചെയ്യാം.

ശ്രീ. കെ. പി. പ്രഭാകരൻ: ബഹുമാനപ്പെട്ട മന്ത്രി നെൽകൃഷിക്കാർക്ക് കൊടുക്കുന്ന സഹായത്തിന്റെ നിരക്ക് പട്ടിക ഇവിടെ വായിച്ചു. നമ്മുടെ സംസ്ഥാനത്ത് 7 ലക്ഷം ഹെക്ടറോളം നെൽകൃഷി നഷ്ടത്തിലാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് തന്നെ നിയമിച്ച ജനാർദ്ദനൻ കമ്മീഷൻ റിപ്പോർട്ട് ചെയ്യുകയുണ്ടായി. നെൽകൃഷിക്ക് ചില സഹായങ്ങൾ ചെയ്യണമെന്നും റിപ്പോർട്ടിൽ തന്നെ നിർദ്ദേശിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ സഹായങ്ങൾ 80,000 ഹെക്ടർ മാത്രം വരുന്ന തൃശ്ശൂർ, കുട്ടനാടൻ നിലങ്ങളിൽ മാത്രമേ പറയുന്നുള്ളൂ. ഈ 7 ലക്ഷം ഹെക്ടറിൽ പെടുന്ന കൃഷിക്കാർക്ക് പൊതുവായിട്ട് എത്ര ഹെക്ടറിനു സഹായം കൊടുക്കുന്നുണ്ട് എന്നു പറയാമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇതിനു പ്രത്യേകം നോട്ടീസ് വേണം.

റേഷൻ സാധനങ്ങൾ

*5 [203] ശ്രീ. എം. കെ. കേശവൻ:

,, കെ. പി. പ്രഭാകരൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:

ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിനു ക്ഷേമവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

സംസ്ഥാനത്ത് ന്യായവില ഡിപ്പോകൾവഴി ഇപ്പോൾ എന്തെല്ലാം സാധനങ്ങൾ വിതരണം ചെയ്തുവരുന്നു?

ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): ന്യായവില ഡിപ്പോകൾ വഴി അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര, പാമോയിൽ എന്നിവയും ഗവൺമെൻറിൻറെ അപ്പപ്പോഴുള്ള നിർദ്ദേശമനുസരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അന്യ സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ചു കൊണ്ടുവരുന്ന അരിയും കാർഡുടമകൾക്ക് നൽകി വരുന്നു.

ശ്രീ. എം. കെ. കേശവൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ ഈ സാധനങ്ങൾ നമ്മുടെ റേഷൻഡിപ്പോകളിൽ നിന്നും കാർഡ് ഉടമകൾക്ക് ലഭിക്കുന്നില്ല. ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തക്കസമയത്ത് ഈ സാധനങ്ങൾ വിതരണം ചെയ്യാൻ തയ്യാറാകാതെ ആഴ്ചയുടെ അവസാനം ശനിയാഴ്ച മാത്രം ഇതു വിതരണം ചെയ്യുന്ന സമ്പ്രദായം നിലനിൽക്കുന്നുണ്ട്. ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിവരം പൊതുവെ ശരിയല്ല. എല്ലാസ്ഥലങ്ങളിലും പന്തീരായിരത്തിൽ അധികം വരുന്ന ന്യായവില ഡിപ്പോകൾ വഴി കൃത്യമായി തന്നെ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഏതെങ്കിലും ഡിപ്പോകളിൽ അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ അതു പരിശോധിക്കാനും ആ ഡിപ്പോയുടെ പേരിൽ നടപടി എടുക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly